(ഇ) മിൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ ഇപ്പോൾ എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 21/8/1987 മുതൽ.

(ബി) സാമ്പത്തിക പ്രതിസന്ധിയിൽ ആയ പുനലൂർ പേപ്പർ മില്ലിനെതിരായി പ്രസ്തുത മില്ലിന് വായ്പ നൽകിയ ധനകാര്യസ്ഥാപനമായ ഐ.സി.ഐ.സി.ഐ. ബോംബെ ഹൈക്കോടതിയിൽ അന്യായം ഫയൽ ചെയ്തതിനെത്തുടർന്ന് മിൽ ബോംബെ ഹൈക്കോടതി ഉത്തരവ്5 പ്രകാരം റിസീവർ ഭരണത്തിലാക്കുകയും ചെയ്തതുമൂലം തുടർന്നു പ്രവർത്തിപ്പിക്കാൻ കഴിയാതെ വരികയും ചെയ്തു.

(സി) പുനലൂർ പേപ്പർമില്ലിന്റെ ബാദ്ധ്യതകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി †ചേർത്തിട്ടുണ്ട്.

(ഡി)&(ഇ) ഉണ്ട്. ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഐ.ഡി.സി. സമർപ്പിച്ചിട്ടുള്ള പുനരുദ്ധാരണ പദ്ധതി ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ചെന്നൈലെ (ജ്യോതി ആൻഡ് അസ്സോസിയേറ്റ്സ് ആണ് ഈ കമ്പനി ഏറ്റെടുക്കാൻ മുമ്പോട്ട് വന്നിരിക്കുന്നത്) 30-1-99-ലും 7-4-99-ലും ബന്ധപ്പെട്ടവരുടെ (ധനകാര്യ സ്ഥാപനങ്ങളുൾപ്പെടെ) യോഗം വിളിച്ചുകൂട്ടി ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

പുനലൂർ ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറിയുടെ പുനരുദ്ധാരണം

27 (2824)ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറിയിൽ എന്നാണ് പുനരുദ്ധാരണ പ്രവർത്തനം നടത്തിയത്; ഇതിനുവേണ്ടി എത്ര രൂപ ചെലവായിട്ടുണ്ട്;

(ബി) പുനരുദ്ധാരണത്തിനുശേഷം കമ്പനിയുടെ പ്രവർത്തനത്തിൽ ഉദ്ദേശിച്ച പുരോഗതി ഉണ്ടായിട്ടുണ്ടോ;

(സി) കമ്പനിയുടെ സമഗ്ര പുരോഗതിക്ക് വൈവിദ്ധ്യവൽക്കരണം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇവിടുത്തെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ കെ.എസ്.ആർ.ടി.സി.യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറിയിൽ പുനരുദ്ധാരണ പ്രവർത്തനം 1997-'98 വർഷത്തിൽ (1997 മെയ് മാസത്തിൽ) തുടങ്ങി ഇതിനുവേണ്ടി സർക്കാർ 537.20 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുനരുദ്ധാരണത്തിനുശേഷം കമ്പനിയുടെ പ്രവർത്തനം ഉദ്ദേശിച്ചമാതിരിയിൽ പുരോഗമിച്ചിട്ടില്ല. ചില സാങ്കേതിക കാരണങ്ങളാൽ സർക്കാർ അനുവദിച്ച വെള്ള മരങ്ങൾ മൂന്നാർ കൂപ്പിൽ നിന്നും വെട്ടിയെടുക്കുവാൻ പറ്റാതെ വന്നതിനാലാണ് പുനരുദ്ധാരണ പ്രവർത്തനം ഉദ്ദേശിച്ചമാതിരിയിൽ പുരോഗമിക്കാത്തത്.

(സി) കമ്പനിയുടെ സമഗ്രപുരോഗതിക്ക് വൈവിദ്ധ്യവൽക്കരണം ആവശ്യമാണ്. ഒരു പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നകാര്യം കമ്പനിയുടെ പരിഗണനയിലുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യമായ പ്ലൈവുഡ് ഉല്പന്നങ്ങൾ വാങ്ങുമ്പോൾ ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിന് മുൻഗണന നൽകാം എന്ന കാര്യത്തിൽ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ തീരുമാനമായിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി./ചീഫ് എക്സിക്യൂട്ടീവ് നിയമനങ്ങളിലെ സംവരണം

28 (2825)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. ചീഫ് എക്സിക്യൂട്ടീവ് ആയി നിയമിക്കുന്നതിന് ബ്യൂറോ ഓഫ് പബ്ളിക് എന്റർപ്രൈസസ് അപേക്ഷ ക്ഷണിച്ച് റാങ്ക്ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന 7 പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.ചീഫ് എക്സിക്യൂട്ടീവ് നിയമനത്തിന് പബ്ളിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് അപേക്ഷ ക്ഷണിച്ച് പാനൽ തയ്യാറാക്കിയിട്ടുണ്ട്.

1. കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡ് - എം.ഡി.

2. കേരളാ സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് - എം.ഡി.

3. ആട്ടോകാസ്റ്റ് ലിമിറ്റഡ് - എം.ഡി.

4. സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് - എം.ഡി.

5. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് ലിമിറ്റഡ് - എം.ഡി. & ഡയറക്ടർ (ഫിനാൻസ്).

6. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്. - എം.ഡി.

LIBRARY ARCHIVES Kerala Legislative Assembly